LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : ഗവണ്മെൻറ് പ്രസ് സൂപ്രണ്ടിന്റെ പേരിൽ 1960-ൽ കേസ് ചാജ്ജുചെയ്കയുണ്ടായി. അതിൻ സാക്ഷികളായി വിസ്തരിക്കുന്നതു് അവിടെയുള്ള ജോലിക്കാരെത്തന്നെയാണു്. അങ്ങനെ സാക്ഷികളായി വിസ്തരിക്കുന്നതു് പ്രസ്സിലുള്ള ആളുകളാണെന്നുള്ള വസ്തുത മുൻനിറുത്തി അവർ പ്രതികാരബുദ്ധിയോടുകൂടി പെരുമാറുന്നതുകൊണ്ടു് അദ്ദേഹത്തെ സസ്പെൻഡു് ചെയ്ത അതിനുശേഷം ഈ കേസു് തുടരാനുള്ള നടപടികളെടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : ആ ഉദ്യോഗസ്ഥന്റെ പേരിലുള്ള കേസു് ആ ഉദ്യോഗസ്ഥനെ സസ്പെൻഡു് ചെയ്തുകൊണ്ടു് അന്വേഷണം നടത്തേണ്ടതാണെന്നു തോന്നുന്നില്ല.

ശ്രീ. സി. അച്യുതമേനോൻ : രണ്ടായിരത്തിൽ കൂടുതൽ അഴിമതിനിരോധന കേസുകളെപ്പറ്റി അന്വേഷണം നടത്തിയെങ്കിലും ഇരുന്നൂറിൽ ചിലപ്പോൾ കേസുകൾ മാത്രമേ ടൈബ്യൂണലിന്റെ മുമ്പാകെ അയച്ചിട്ടുള്ളുവെന്നു പറയുകയുണ്ടായി. ബാക്കിയുള്ള കേസുകൾ ടൈബ്യൂണലിന്റെ മുമ്പാകെ അയയ്ക്കാത്തതു അടിസ്ഥാനരഹിതമാണെന്നു കണ്ടിട്ടാണോ; ഇപ്പോഴും അതിനെപ്പറ്റി അന്വേഷണം തുടരുകയാണോ ; ഉണ്ടെങ്കിൽ എത്ര കേസുകളിൽ എന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ: പ്രാരംഭാന്വേഷണത്തിൽത്തന്നെ അവയൊന്നുംതന്നെ ടൈബ്യൂണലിന്റെ മുമ്പാകെ ചാജ്ജു് ചെയ്യത്തക്ക വിധത്തിലുള്ള കുറ്റങ്ങളില്ലാത്ത കേസുകളാണെന്നു് തെളിഞ്ഞതുകൊണ്ടു് ഉപേക്ഷിച്ചതാണു്.

ശ്രീ. ഈ. പി. ഗോപാലൻ : ഒരു പ്രാഥമികാന്വേഷണം നടത്തി പ്രഥമദൃഷ്ട്യാ കേസുണ്ടെന്നു് തെളിഞ്ഞാൽ ടൈബ്യൂണലിന്റെ മുമ്പാകെ അയയ്ക്കുമെന്നു പറഞ്ഞു. അങ്ങനെ അയച്ചുകൊടുക്കുന്ന കേസുകളിൽ ഒരു ഡിപ്പാർട്ടുമെൻറിന്റെ ഹെഡ്ഡിന്റെ പേരിലാണു് കേസു് ചാജ്ജുചെയ്തിട്ടുള്ളതെങ്കിൽ ആ ആളെ സസ്പെൻഡു് ചെയ്തുകൊണ്ടു് കേസു് നടത്തുന്ന സമ്പ്രദായമാണോ ഇപ്പോഴും സ്വീകരിച്ചിട്ടുള്ളതു് ?

ശ്രീ. ആർ. ശങ്കർ : കേസു് ചാജ്ജുചെയ്തിരിക്കുന്നതിന്റെ ഗൗരവവും സ്വഭാവവും അനുസരിച്ചു് ആവശ്യമാണെങ്കിൽ ആ ആളിനെ സസ്പെൻഷനിൽ നിറുത്തി കേസന്വേഷണം തുടരും. അല്ലെങ്കിൽ സസ്പെൻഡു ചെയ്യാതെതന്നെ അന്വേഷണം നടത്തുന്നതാണു്.

ശ്രീ. കെ. അനിരുദ്ധൻ : ആൻറികറപ്ഷൻ ഡിപ്പാർട്ടുമെൻറിൽ ഉയർന്ന നിലവാരത്തിലിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു് ഈ അടുത്തകാലത്തായി വമ്പിച്ച തോതിലുള്ള സ്വത്തുക്കളും ഉണ്ടായിട്ടുണ്ടെന്നുള്ളതിനെപ്പറ്റി ഗവണ്മെൻറിൽനിന്നും അന്വേഷണം നടത്തിയിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ആൻറികറപ്ഷൻ ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാർക്കു വമ്പിച്ച സ്വത്തുക്കളും ഉള്ളതായി ഗവണ്മെൻറിനു അറിയാൻ പാടില്ല.

കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ പ്രവർത്തനം

* 595. [10] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ജലവൈദ്യുതപദ്ധതിയുടെ പ്രവർത്തനം എത്രത്തോളമായി ; ഇതുവരെ എത്ര പണം ചെലവാക്കി ;

(ബി) പദ്ധതിക്കു് ആവശ്യമായ പെൻസ്റ്റോക്കു് പൈപ്പു് മുതലായ യന്ത്രസാമഗ്രികൾക്കു് സുമാർ എത്ര ചെലവു വേണം ;

(സി) അവ എവിടെനിന്നു വാങ്ങാൻ ഉദ്ദേശിക്കുന്നു ;

(ഡി) അവസ്സ ടെൻഡർ കൊടുക്കുകയോ ആർഡർ കൊടുക്കുകയോ ചെയ്തിട്ടുണ്ടോ ;

(ഈ) പദ്ധതിക്കുവേണ്ട വിദേശനാണ്യം അനുവദിച്ചുകിട്ടിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഇതുവരെയുള്ള പ്രവർത്തനത്തിന്റെ സംക്ഷിപ്ത വിവരം കാണിക്കുന്ന ഒരു റിപ്പോർട്ട് മേശപ്പുറത്തു വെച്ചിട്ടുണ്ട്.* ഈ പദ്ധതിക്കുവേണ്ടി ഡിസംബർ 1963 വരെ 41.89 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) ഏകദേശം 216 ലക്ഷം രൂപ ചെലവു വരുന്നതാണ്.

(സി) പൈപ്പുകൾക്ക് വേണ്ടിവരുന്ന ഉരുക്ക് അമേരിക്കയിൽനിന്നും വരുത്തി പൈപ്പ് നിർമ്മാണം കൊച്ചിയിൽ നടത്തുന്നതാണ്. റബ്ബറിനു കളും ജനറേറ്ററുകളും ജപ്പാനിൽനിന്നും വാങ്ങുവാനാണ് ഉദ്ദേശിക്കുന്നത്. മറ്റു വൈദ്യുതോപകരണങ്ങളും വാങ്ങുന്നതിനുള്ള കരാറുകളും പൂർത്തിയായിട്ടില്ല.

(സി) പൈപ്പുകളണ്ടാക്കുന്നതിനുള്ള ഉരുക്കു വാങ്ങുന്നതിനും അവയിൽനിന്നും പൈപ്പുകളും നിർമ്മിക്കുന്നതിനുമുള്ള ആർഡറുകളും കൊടുത്തുകഴിഞ്ഞിട്ടുണ്ട്. റബ്ബറിനുകളുക്കും ജനറേറ്ററുകൾക്കുമുള്ള കോൺട്രാക്റ്റുകളും കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ട്രാൻസ്ഫോമറുകൾക്കും സ്വിച്ച് ഗിയറുകൾക്കും ലഭിച്ച ടെണ്ടറുകളും പരിഗണിച്ചുവരുന്നു.

(ഈ) അണക്കെട്ടിനുവേണ്ടിയുള്ള കേബിളുകളും, സ്റ്റീൽ പ്ലേറ്റുകളും റബ്ബറിനുകളും ജനറേറ്ററുകളും എന്നിവയുടെ ഇറക്കുമതിക്കാവശ്യമായ വിദേശനാണ്യം അനുവദിച്ചു കിട്ടിയിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇവിടെത്തന്ന വിവരങ്ങളിൽനിന്നും മനസ്സിലാകുന്നത് അവിടെ കെട്ടിടനിർമ്മാണത്തിന്റെ പുരോഗതി വളരെ സാവധാനത്തിലേ നടക്കുന്നുള്ളുവെന്നാണ്. ഏത്ര കാൺട്രാക്റ്റർമാർക്കാണ് ഈ കെട്ടിട നിർമ്മാണത്തിനു കോൺട്രാക്റ്റു കൊടുത്തിട്ടുള്ളത് ? അവിടെ കോൺട്രാക്റ്റു എടുത്തിട്ടുള്ള കോൺട്രാക്റ്ററും ഇതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള ചില അലോഹ്യം കാരണം വളരെയധികം കാലതാമസം നേരിടുന്നുവെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : കെട്ടിടനിർമ്മാണം സാവധാനത്തിലല്ല നടക്കുന്നത്, ഏത്ര കാൺട്രാക്റ്റർമാക്കാണ് അതു കൊടുത്തിരിക്കുന്നതെന്നുള്ളവിവരം എന്റെ കൈവശമില്ല. എത്രയും വേഗം പണികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഇതിനെ സംബന്ധിച്ചുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ എത്രമാത്രം പൂർത്തിയാക്കിയിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : ലാൻഡ് അക്വിസിഷൻ നടപടികൾ മിക്കവാറും പൂർത്തിയായിട്ടുണ്ട്.

Consumers, Co-operatives സ്ഥാപിക്കുന്നതിനുള്ള പരിപാടി

*596. [11] ശ്രീ. എം സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യത്തിനു ക്ഷേമ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

Consumers, Co-operatives സ്ഥാപിക്കുന്നതിനുള്ള പരിപാടി എത്രമാത്രം പുരോഗമിച്ചു ?

---

* Appendix I.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please see answer to Starred Question* 595 (10)]

Dam : Tenders have been received and contract is being awarded. Work will start very soon.

Tunnel : do. do.

Penstock :

(a) Contract for the formation of the route has just been awarded and the work has already started.

(b) *Supply of Steel Plates for Fabricating Pipes* :

Orders for the supply of the steel plates have been placed and part of the quantity has been rolled by the makers in U. S. A.

(c) *Fabrication of Pipes for the Penstock* :

Contract for work has been placed with M/s. Giovanola Binny, Cochin.

PowerHouse :

(a) Tenders for the levelling works will be invited soon.

(b) *Manufacture, supply and erection of generating equipment* :

Contract for the turbines and generators has been placed with M/s. Fuji Denki, Japan. For other equipments contract is being awarded.

Transmission Lines :

A 11 KV Line has already been constructed from Unnikulam to supply power to Kuttiyadi Project for construction purposes. To stabilize this supply, it is proposed to install a 2000 KVA 66/11 KV transformer at the 21/6 mile on the Kozhikode-Wynad road and construct an additional 11 KV line from this transformer to join the 11 KV line from Unnikulam at Thalad. An estimate amounting to Rs. 2,74,000 has been sanctioned for this and the work is being taken up.

Roads and Buildings:

A good motorable road from Ekarul to Power House site is nearing completion. The road work from Power House junction to dam site has already been arranged.

Regarding permanent buildings the work has been taken up and is good progress. About 18 Buildings are nearing completion. Necessary arrangements have also been made for constructing temporary building at dam site.

LIBRARY ARCHIVES Kerala Legislative Assembly